The following resolution was deemed to have been withdrawn as the member was absent:

Appointment of Non-Hindus and non-caste Hindus in the Revenue Department.

MR. TARIATU KUNJITOMMEN:

"This Council recommends to the Government that only Non-Hindus and non-caste Hindus be appointed to places that may fall vacant in the Revenue Department in the course of the next seven years."

Supply of Fresh Water in Kartikapalli and Karunagapalli Taluks.

MR. C. RAMANKUNJU (*Nominated*): I beg to move that:

"*This Council recommends to the Government that immediate steps be taken to supply fresh water to the people on the sea coast of Kartikapalli and Karunagapalli taluks.*"

കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഒരം താലൂക്കുകളുടെ പടിഞ്ഞാറു മുതൽ തീരത്തു കായംകുളം കായലിന്റെ വടക്കെ അറ്റം മുതൽ ആറാപ്പുഴവരെയുള്ള ഉദ്ദേശം പന്ത്രണ്ടു മൈൽ സ്ഥലത്തു താമസിക്കുന്ന ജനങ്ങൾക്ക് ജലദൌർലഭ്യം നിമിത്തം ഉള്ള സങ്കടം നിവൃത്തിയാക്കണമെന്നുള്ളതാകുന്നു ഈ എന്റെ പ്രമേയത്തിന്റെ ഉദ്ദേശം. ഒരം സ്ഥലം കായലിനും കരയ്ക്കുമിടയ്ക്കു അരമുതൽ രണ്ടുവരെ ഫർലാങ്ങ് വീതിയുള്ള ഒരുകരയാകുന്നു. അവിടെ താമസിക്കുന്ന ജനങ്ങൾ മത്സ്യം പിടിത്തം, കയറുപിരി മുതലായ തൊഴിലുകൾ ചെയ്തു ജീവിതം കഴിക്കുന്നവരാകുന്നു. അവർക്കു രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുമ്പു വരെ അധികം ഉപ്പില്ലാത്ത വെള്ളം സ്ഥലത്തു നിന്നു തന്നെ കിട്ടിക്കൊണ്ടിരുന്നു. എന്നാൽ ഇടക്കാലത്തുണ്ടായ കടൽ ക്ഷോഭം നിമിത്തം കരയുടെ വീതികുറയുകയും കരയിൽ നിന്ന് അല അടിച്ചു കയറുന്ന ഉപ്പുവെള്ളം കരയിൽ കൂടി ഒഴുകി കായൽവരെ ചെല്ലാൻ തുടങ്ങിയകാലം മുതൽ കുടിക്കുന്നതിനോ കുളിക്കുന്നതിനോ ആവശ്യമുള്ള വെള്ളം സ്ഥലത്തു നിന്നും തീരെ കിട്ടാതെയാകുകയും ചെയ്തു.

ഇപ്പോൾ അവിടെയുള്ള ജനങ്ങൾ ശുദ്ധജലം കൊണ്ടുവരുന്നതു കായലിനു കിഴക്കേക്കരയിൽ ഉദ്ദേശം ഒരു മയിൽ ദൂരംവരെ കിഴക്കോട്ടു മാറിയുള്ള സ്ഥലങ്ങളിൽ നിന്നാകുന്നു. ഓരോ വീട്ടിലുമുള്ളവർക്ക് അവർക്ക് ആവശ്യമുള്ള വെള്ളം ശേഖരിക്കുന്നതിനു വെള്ളത്തിലും കരയിലുമായി നാലും അഞ്ചും മയിൽ യാത്ര ചെയ്യുന്നതിനു ശേഷമേ സാധിക്കയുള്ളൂ. ഇതും ബുദ്ധിമുട്ടു സഹിച്ചു കൊണ്ടുവരുന്ന വെള്ളം മിക്കവാറും കായലിൽ ഉണ്ടാകുന്ന കാറും കോളും നിമിത്തം നഷ്ടപ്പെട്ടു പോകുന്നതിനിടയാകുന്നു. കായംകുളം കായലിന്റെ താഴ്ച കുറവല്ലായിരുന്നുവെങ്കിൽ കൊല്ലംതോറും അനേകം ജീവൻ വെള്ളത്തിനുവേണ്ടി ബലികഴിക്കപ്പെട്ടുമായിരുന്നെന്നെ.

സാംക്രമികരോഗങ്ങളുണ്ടാകുന്ന കാലങ്ങളിൽ അവയുടെ പകർച്ചയും ഒരംജലാവശ്യം നിമിത്തം സുകരമായിതീർന്നിട്ടുണ്ട്. ഒരം ജലദൌർലഭ്യം അവയുടെ പ്രചാരത്തിനുവേണ്ടി വളരെ സഹായിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly